# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് – കൊയിലാണ്ടി നഗരസഭ – ടൗൺഹാളിനോട് ചേർന്നിട്ടുള്ള റോഡ് വീതി കൂട്ടൽ – പന്തലായനി വില്ലേജിലെ 89.5 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ അക്വിസിഷൻ – അനുമതി നൽകി ഉത്തരവാകുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ)3129/2008/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, ആഗസ്റ്റ് 18, 2008

പരാമർശം :
1. കൊയിലാണ്ടി നഗരസഭാ കൗൺസിലിന്റെ 29-05-2008 ലെ 17–ാം നമ്പർ തീരുമാനം.
2. കൊയിലാണ്ടി നഗരസഭാ സെക്രട്ടറിയുടെ 26-09-2007, 06-06-2008 എന്നീ തീയതികളിലെ PW.2-13309/06 നമ്പർ കത്തുകൾ
3. നഗരകാര്യ ഡയറക്ടറുടെ 09.07.2008–ലെ ജി.3-4209/08 നമ്പർ കത്ത്.

## ഉത്തരവ്

കൊയിലാണ്ടി മുനിസിപ്പൽ ടൗൺ ഹാളിനോട് ചേർന്നുള്ള റോഡ് വീതി കൂട്ടുന്നതിനും കാർ പാർക്കിംഗിനുമായി കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭ, കൊയിലാണ്ടി താലൂക്കിൽ പന്തലായനി വില്ലേജിൽ പന്തലായനി ദേശത്ത് റീ സർവ്വേ 27/12 ബി, 27/14 എ എന്നിവയിൽപ്പെട്ട 89.5 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി അക്വയർ ചെയ്യുന്നതിന് പരാമർശം ഒന്ന് പ്രകാരം തീരുമാനിയ്ക്കുകയും ആയതിലേയ്ക്ക് അനുമതിയ്ക്കായി പരാമർശം രണ്ട് പ്രകാരം തീരുമാനിക്കുകയും ആയതിലേയ്ക്ക് അനുമതിയ്ക്കായി പരാമർശം രണ്ട് പ്രകാരം സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു. നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സ്ഥലമെടുപ്പിനായി 25,00,000/- രൂപ നീക്കി വച്ചിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം മേൽ ഉദ്ദേശത്തിന് അനുയോജ്യമാണെന്ന് മുനിസപ്പൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

(2) കൊയിലാണ്ടി നഗരസഭയുടെ പരാമർശം (1)–ലെ കൗൺസിൽ തീരുമാനത്തിന്റേയും പരാമർശം (2)–ലെ അപേക്ഷയുടേയും നഗരകാര്യ ഡയറക്ടറുടെ പരാമർശം (3)–ലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ, ടൗൺ ഹാളിനോട് ചേർന്നുള്ള റോഡ് വികസനത്തിനും കാർ പാർക്കിംഗിനുമായി കൊയിലാണ്ടി താലൂക്കിൽ പന്തലായനി വില്ലേജിൽ പന്തലായനി ദേശത്തെ റീസർവ്വേ 27/12 ബി, 27/14 എ എന്നിവയിൽപ്പെട്ട 89.5 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് ഇത് സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതയോ വ്യവഹാരങ്ങളിൽ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല എന്നും അക്വിസിഷനാവശ്യമായ തുകയുടെ 80% ബന്ധപ്പെട്ട ജില്ലാ കളക്ടർ മുമ്പാകെ മുൻകൂറായി

അടയ്ക്കേണ്ടതാണ് എന്നുമുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ കൊടിലാണ്ടി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**റ്റി.ശ്യാമളകുമാരി**
**ഡെപ്യൂട്ടി സെക്രട്ടറി**

To

സെക്രട്ടറി, കൊയിലാണ്ടി നഗരസഭ, കോഴിക്കോട് ജില്ല.
ജില്ലാ കളക്ടർ, കോഴിക്കോട്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**